# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1345

21.03.2012 ലെ മറുപടിക്ക്

**പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെയും ജില്ലാ ബാങ്കുകളുടെയും പ്രവർത്തനങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| എ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ ബാങ്കുകളുടെയും മറ്റും പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; | എ) കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.<br>സമിതി അംഗങ്ങളുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1. അഡ്വ.കരകുളം കൃഷ്ണപിള്ള -ചെയർമാൻ<br>2. അഡ്വ.ഫിലിപ്പോസ് തോമസ്-അംഗം<br>3. അഡ്വ.ജോയി തോമസ് - അംഗം<br>4. ശ്രീ.അബ്ദുൾ ഹമീദ് - അംഗം<br>5. ശ്രീ. ജോയി എബ്രഹാം(എക്സ്.എം.എൽ.എ) അംഗം<br>6. ശ്രീ. മനയത്ത് ചന്ദ്രൻ -അംഗം<br>7. ശ്രീ.എച്ച്.എം.ഷാരിയർ -അംഗം<br>8. അഡ്വ.എം.എം. രാജപ്പൻ - അംഗം |
| ബി) സമിതിയുടെ പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണ്; | ബി) കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ വിതരണം ചെയ്യുന്ന സഹകരണ മേഖലയിലെ ബാങ്കുകളുടെ പ്രവർത്തനം പഠിച്ച് ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതരത്തിലുള്ള പ്രവർത്തനം നടത്തുന്നതിന് പ്രയോഗിക ശുപാർശകൾ നൽകുക.<br>2. കേരളത്തിന്റെ സവിശേഷ സാഹചര്യം കണക്കിലെടുത്തും, സംസ്ഥാനം നാളിതുവരെ |

| | | | |
|---|---|---|---|
| | | | ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും അനുയോജ്യമായ തരത്തിലും സഹകരണ മേഖലയിൽ വൈദ്യ നാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്ന തിനാവശ്യമായ ശുപാർശകൾ നൽകുക.<br>3. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പാ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ നൽകിയിരിക്കുന്നതും, നൽകേണ്ടതുമായ ധന സഹായത്തെ സംബന്ധിച്ച് അതിന്റെ രീതിയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുക.<br>4. സഹകരണ സ്ഥാപനങ്ങളുടെ ഘടനാപരമായ സംവിധാനം, ക്ലാസിഫിക്കേഷൻ എന്നിവ പഠനം നടത്തി ശുപാർശകൾ നൽകുക.<br>5. മേൽപ്പറഞ്ഞ വിഷയങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നിയമനിർദ്ദേശങ്ങളും, സഹകരണ നിയമത്തിലും, മറ്റ് നിയമങ്ങളിലും ആവശ്യമായി വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ചും ശുപാർശകൾ നൽകുക.<br>6. പഠന വിധേയമാക്കേണ്ടതാണെന്ന് കമ്മിറ്റിക്ക് ബോദ്ധ്യപ്പെടുന്ന ഇതര വിഷയങ്ങൾ. |
| സി) | സമിതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി; സമിതിയുടെ മുമ്പാകെ എന്തെല്ലാം പുതിയ നിർദ്ദേശങ്ങൾ വരികയുണ്ടായി; | സി) | സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിക്കുന്ന വേളയിൽ മാത്രമേ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളും, ലഭിച്ച നിർദ്ദേശങ്ങളെയും സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ. |
| ഡി) | സമിതിയുടെ ശുപാർശ എന്നത്തേയ്ക്ക് സമർപ്പിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്? | ഡി) | പഠന റിപ്പോർട്ടും ശുപാർശകളും 31.03.2012 നകം സർക്കാരിന് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ